# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/15/2018 2018 ജനുവരി 19

**<u>പത്രക്കുറിപ്പ്</u>**

## ഗവേഷണഫലങ്ങൾ സമൂഹത്തിന് പ്രയോജനകരമാക്കി ഉന്നതവിദ്യാഭ്യാസമേഖല ആഗോള മാതൃക സൃഷ്ടിക്കണം – പ്രൊഫ. സി. രവീന്ദ്രനാഥ്

ഉന്നതവിദ്യാഭ്യാസത്തിലെ ഗവേഷണഫലങ്ങൾ കേരള സമൂഹത്തിന്റെ പുരോഗതിക്ക് ഉപയോഗപ്പെടുത്തി ഉന്നത വിദ്യാഭ്യാസ മേഖല ആഗോളമാതൃക സൃഷ്ടിക്കണമെന്ന് വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബിസിനസ് ഇൻകുബേഷൻ ആന്റ് ഇന്നൊവേഷൻ സെന്ററർ ആരംഭിക്കുന്ന 'ലാബിൽ നിന്നും വ്യവസായത്തിലേക്ക്' എന്ന പദ്ധതി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരീക്ഷണശാലയിൽ ഉൽപ്പാദിപ്പിക്കുന്ന ആശയം സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് വിന്യസിക്കാനും പുതു തലമുറകളുടെ സംവാദത്തിലൂടെ പുനരുൽപ്പാദനം നടത്താനും സാധിക്കണം. നവോത്ഥാന കാലഘട്ടത്തിലെ ആശയങ്ങൾ താഴെത്തട്ടിലേക്കിറങ്ങിയപ്പോൾ സാമൂഹ്യ വികസനം ഉണ്ടായി. വികസനം എന്നാൽ സാമ്പത്തികവും സാമൂഹികവുമായ സ്വാതന്ത്ര്യമാണെന്ന തിരിച്ചറിവുണ്ടാകണം. ഗവേഷണ ഫലങ്ങൾ നേരെ വ്യവസായത്തിലേക്ക് നൽകാം. ഇത് ആദ്യപടി എന്ന നിലയിൽ ശരിയുമാണ്. അവിടെവച്ച് നിർത്തരുത്. പ്രത്യേകിച്ച് വാണിജ്യവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ. ഗവേഷണഫലങ്ങളെ സമൂഹത്തിന്റെ പുരോഗതിക്കും പുനരുൽപ്പാദനത്തിനുമായി ഉപയോഗപ്പെടുത്തണം. 'പരീക്ഷണശാലയിൽ നിന്ന് സമൂഹത്തിലേക്ക്' എന്ന മുദ്രാവാക്യമാകണം നമ്മുടെ അടിസ്ഥാന ലക്ഷ്യം. സമൂഹം നൽകുന്ന പണം ഉപയോഗിച്ചാണ് നാം പഠിപ്പിക്കുന്നത്. ഓരോരുത്തരും പഠിച്ച് പുത്തൻ അറിവുകൾ സമൂഹത്തിന് തിരികെ നൽകണം - മന്ത്രി പറഞ്ഞു. വിദ്യാർത്ഥികളെ തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽദായകരാക്കി മാറ്റുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രസ്താവിച്ചു. ഗവേഷക വിദ്യാർത്ഥികൾക്കും മെന്റർമാരായ അദ്ധ്യാപകർക്കും ഇതിന് സൗകര്യമൊരുക്കുന്നതിനായി സർവ്വകലാശാലയിൽ ഫാബ് ലാബ്, സയൻസ് പാർക്ക് എന്നീ സംരംഭങ്ങൾ ആരംഭിക്കുമെന്നും വൈസ് ചാൻസലർ അറിയിച്ചു. സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. എ.എം. തോമസ്, ഡോ. കെ. ഷെറഫുദ്ദീൻ, ബി.ഐ.ഐ.സി. ഡയറക്ടർ ഡോ. ആർ. ഗിരീഷ്കുമാർ എന്നിവർ സംസാരിച്ചു.

### കാർഷിക ആശയ വിന്യാസത്തിലൂടെ 'ജൈവം' മാതൃക സൃഷ്ടിച്ചു

ജൈവകൃഷി രീതികളുടെ പൊതുബോധത്തിലൂടെ എം.ജി. സർവ്വകലാശാല ആരംഭിച്ച 'ജൈവം' പദ്ധതി ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുത്തൻ മാതൃക സൃഷ്ടിച്ചുവെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ ജനകീയമാക്കാൻ വേണ്ടത്ര സാധിച്ചില്ല. 'ഗ്രോബാഗിൽ' കായ്കനികൾ ഉണ്ടാക്കാം. കേവലം കാർഷികോല്പാദനം മാത്രമല്ല കൃഷിയുടെ മർമ്മം. മണ്ണിനെ പുനരുജ്ജീവിപ്പിക്കുക എന്ന അടിസ്ഥാന ധർമ്മവും ഇതോടൊപ്പമുണ്ട്. '' 'ജൈവം' പദ്ധതിയിൽ ആകൃഷ്ടരായ തിരുവല്ല മാർത്തോമാ കോളേജ് വിദ്യാർത്ഥികളുടെ ജൈവ പച്ചക്കറിത്തോട്ടം ഞാൻ ഇന്ന് സന്ദർശിച്ചു. കൃഷിവിജ്ഞാനം വിദ്യാർത്ഥികളെ പഠിപ്പിച്ച് സ്വയം കൃഷിത്തോട്ടം ഉണ്ടാക്കി അനുഭവസമ്പത്ത് നേടി. പിന്നീട് ഗ്രാമങ്ങളിൽ പോയി പൊതുജനങ്ങൾക്ക് അറിവ് പകർന്നുനൽകി. ഇതാണ് ഉന്നത വിദ്യാഭ്യാസ മേഖലയുടെ യഥാർത്ഥ ധർമ്മം. 'പരീക്ഷണശാലയിൽ നിന്ന് സമൂഹത്തിലേക്ക്' എന്ന മുദ്രാവാക്യത്തിന്റെ നേർക്കാഴ്ചയാണ് അത്'' - മന്ത്രി പറഞ്ഞു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബിസിനസ് ഇൻകുബേഷൻ ആന്റ് ഇന്നൊവേഷൻ സെന്റർ ആരംഭിക്കുന്ന 'ലാബിൽ നിന്നും വ്യവസായത്തിലേക്ക്' എന്ന പദ്ധതി വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. എ.എം. തോമസ്, ഡോ. കെ. ഷെറഫുദ്ദീൻ, ബി.ഐ.ഐ.സി. ഡയറക്ടർ ഡോ. ആർ. ഗിരീഷ്കുമാർ എന്നിവർ സമീപം**

## പരീക്ഷാ തീയതി

സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ ഒന്നാം സെമസ്റ്റർ എം.ബി.എ. (2017ന് മുമ്പുള്ള അഡ്മിഷൻ, സപ്ലിമെന്ററി/റീ അപ്പിയറൻസ്) പരീക്ഷകൾ ജനുവരി 23ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

## ബി.ടെക് ഇന്റേണൽ റീഡു

ബി.ടെക് ഇന്റേണൽ റീഡുവിനുള്ള അപേക്ഷകൾ ഓരോ പേപ്പറിനും 2000 രൂപ വീതം ഇ-പേയ്മെന്റ് ആയി അടച്ചതിന്റെ പ്രിന്റൗട്ട് സഹിതം ജനുവരി 30നകം സർവ്വകലാശാലയിൽ സമർപ്പിക്കണം. അതാത് സെമസ്റ്ററിന്റെ എക്സ്റ്റേണൽ പരീക്ഷയ്ക്കുള്ള അപേക്ഷാഫോറം തന്നെ ഇന്റേണൽ റീഡു എന്ന് രേഖപ്പെടുത്തി ഇതിനായി ഉപയോഗിക്കേണ്ടതാണ്. ഫോട്ടോ പതിച്ച അപേക്ഷകൾ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ സാക്ഷ്യപ്പെടുത്തേണം. എക്സ്റ്റേണൽ പരീക്ഷയ്ക്ക് ഏത് പരീക്ഷയിലാണോ 40 മാർക്കോ അതിൽക്കൂടുതലോ നേടിയിട്ടുള്ളത് എന്ന് തെളിയിക്കുന്നതിന് ആ പരീക്ഷയുടെ ഗ്രേഡ് കാർഡിന്റെ പകർപ്പ് കൂടി ഇന്റേണൽ റീഡു അപേക്ഷയോടൊപ്പം സമർപ്പിക്കണം.

## പരീക്ഷാഫലം

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ ഓഫ് കാമ്പസ് രീതിയിൽ നടത്തിയ എം.എസ്.സി. ഐ.ടി., എം.എസ്.സി. മാത്തമാറ്റിക്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 31 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. ഗാന്ധി നഗർ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിലെ ശ്രുതി ബി., ജെഫി മാനുവൽ എന്നിവർ യഥാക്രമം ഒന്നും രണ്ടും റാങ്കുകൾ നേടി. സൂക്ഷ്മപരിശോധനയ്ക്ക് ജനുവരി 30 വരെ അപേക്ഷിക്കാം.

## പരീക്ഷാ സാമഗ്രി വിതരണം

പരീക്ഷാ സാമഗ്രികൾ കൈപ്പറ്റുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജ് ഓഫീസുകളും ഇന്ന് (ജനുവരി 20) തുറന്നിരിക്കേണ്ടതാണ്.

## എം.ജി.യിൽ സെക്യൂരിറ്റി ഗാർഡ് നിയമനത്തിന് വാക്ക് ഇൻ ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കരാർ വ്യവസ്ഥയിൽ താൽക്കാലിക അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി ഫെബ്രുവരി 2ന് രാവിലെ 10.30ന് സർവ്വകലാശാലാ ആസ്ഥാനത്ത്വച്ച് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിമുക്തഭടൻ/ബി.എസ്.എഫ്./സി.ആർ.പി.എഫ്. തുടങ്ങിയ സൈനിക-അർദ്ധസൈനിക വിഭാഗങ്ങളിൽ സേവനപരിചയമുള്ളവർ രാവിലെ 8.30ന് എഡി.എ4 സെക്ഷനിൽ ഹാജരാകേണ്ടതാണ്. യോഗ്യത, പ്രായം, വേതനം തുടങ്ങിയ വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**